**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** **14-10-2024 - ൽ മറുപടിയ്ക്ക്**

**'നോർക്ക റൂട്ട്സ്' നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പഠനം, തൊഴിൽ, ബിസിനസ്, മറ്റാവശ്യങ്ങൾ എന്നിവയ്ക്കായി വിദേശത്തേയ്ക്ക് പോകുന്ന അവസരത്തിൽ മാതൃരാജ്യത്ത് നിന്നുള്ള വിദ്യാഭ്യാസ വ്യക്തിവിവര സർട്ടിഫിക്കറ്റുകൾ ആധികാരികമാണെന്ന് തെളിയിക്കുന്നതിനുള്ള അറ്റസ്റ്റേഷൻ നടത്തുന്നതിന് 'നോർക്ക റൂട്ട്സ്' നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാഭ്യാസത്തിനും തൊഴിലിനുമായി വിദേശ രാജ്യങ്ങളിൽ പോകുന്നവർക്ക്, കേരളത്തിലെ യൂണിവേഴ്സിറ്റി, ബോർഡ്, കൗൺസിൽ എന്നിവർ നൽകുന്ന വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളും, സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന സർക്കാർ അംഗീകൃത കോഴ്സുകളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകളും മറ്റ് വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകളും (ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ, അഫിഡവിറ്റുകൾ, പവർ ഓഫ് അറ്റോർണി മുതലായവ) സാക്ഷ്യപ്പെടുത്തുന്നതിന് നോർക്കാ-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിലും ജില്ലാ സെല്ലുകളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ എച്ച്.ആർ.ഡി, എംഇഎ എംബസി അറ്റസ്റ്റേഷൻ സേവനങ്ങളും ലഭ്യമാണ്.<br><br>സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലിന് അതീവ സുരക്ഷാ മാനദണ്ഡങ്ങളുള്ള ആധുനി ഹൈ സെക്യൂരിറ്റി ഹോളോഗ്രാം എംബഡഡ് ക്യൂആർ ആലേഖനം ചെയ്ത എച്ച്.ആർ.ഡി ലേബലുകളാണ് നിലവിൽ ഉപയോഗിക്കുന്നത്.<br><br>വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകൾ നോർക്കാ-റൂട്ട്സിന്റെ മേഖലാ കേന്ദ്രങ്ങളിലും ജില്ലാ സെല്ലുകളിലും സ്വീകരിച്ച് സെക്രട്ടേറിയറ്റിലെ ആഭ്യന്തര അറ്റസ്റ്റേഷൻ വിഭാഗം വഴി സാക്ഷ്യപ്പെടുത്തി നൽകുന്ന സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകളിൽ അതത് എംബസി/അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ ചെയ്താൽ മാത്രമേ നടപടികൾ പൂർത്തിയാവുകയുള്ളൂ. നിലവിൽ യു.എ.ഇ, സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, ഇറാഖ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേയ്ക്കുള്ള എംബസി അറ്റസ്റ്റേഷൻ സേവനങ്ങളും 126 രാജ്യങ്ങളിലേക്കുള്ള |

| | | | |
|---|---|---|---|
| | | | അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ സേവനങ്ങളും നോർക്കാ-റൂട്ട്സ് ഓഫീസുകൾ വഴി ലഭ്യമാണ്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ നോർക്ക റൂട്ട്സിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3 സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ ഉണ്ട്. |
| (സി) | അറ്റസ്റ്റേഷനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും അതിനാവശ്യമായ രേഖകൾ എന്തെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (സി) | സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br><br>അറ്റസ്റ്റേഷൻ സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക് www.norkaroots.org വെബ്സൈറ്റിൽ ഓൺലൈൻ രജിസ്റ്റർ ചെയ്ത് അപ്പോയിന്റ്മെന്റ് എടുത്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>**അപേക്ഷ സമർപ്പിക്കേണ്ട വിധം**<br><br>1. അപേക്ഷയുടെ ഓൺലൈൻ പ്രിന്റൗട്ട്<br><br>2. പാസ്പോർട്ടിന്റെ പകർപ്പ്<br><br>3. സർട്ടിഫിക്കറ്റ് ഉടമയുടെ എസ്എസ്എൽസി മുതൽ എല്ലാ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ/ മാർക്ക്ലിസ്റ്റുകൾ/ സമാഹൃത മാർക്ക് ലിസ്റ്റുകൾ / രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പ്.<br><br>**സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലിനായി അപേക്ഷ സമർപ്പിക്കാവുന്നവർ**<br><br>1. സർട്ടിഫിക്കറ്റ് ഉടമ<br><br>2. മാതാപിതാക്കൾ<br><br>3. സഹോദരങ്ങൾ<br><br>4 ഭാര്യ / ഭർത്താവ്<br><br>5. സർട്ടിഫിക്കറ്റ് ഉടമ അധികാരപത്രം നൽക് ചുമതലപ്പെടുത്തിയ ആൾ<br><br>**അറ്റസ്റ്റേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ**<br><br>1. അസ്സൽ പാസ്പോർട്ട് (അപേക്ഷകൻ വിദേശത്താകുന്ന പക്ഷം പാസ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | | | പകർപ്പിനോടൊപ്പം വിസാ പകർപ്പ് ഹാജരാക്കേണ്ടതാണ്)<br>2. സർട്ടിഫിക്കറ്റ് ഉടമയുടെ എസ്എസ്എൽസി മുതൽ എല്ലാ വിദ്യാഭ്യാ യോഗ്യതാ സർട്ടിഫിക്കറ്റുകൾ / മാർക്ക്ലിസ്റ്റുകൾ / സമാഹൃത മാർക്ക്ലിസ്റ്റുകൾ, സാക്ഷ്യപ്പെടുത്തേണ്ട യോഗ്യതാ സർട്ടിഫിക്കറ്റ്, അനുബന്ധ മാർക്ക ലിസ്റ്റുകൾ / സമാഹൃത മാർക്ക് ലിസ്റ്റുകൾ / രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ.<br><br>3. അപേക്ഷകൻ അധികാരപ്പെടുത്തി യിട്ടുള്ള ആൾ ഹാജരാകുന്ന പക്ഷം അധികാര പത്രത്തിന്റെ പകർപ്പ് / ബന്ധം തെളിയിക്കുന്ന രേഖയുടെ പകർപ്പ്<br>4.അപേക്ഷകൻ അധികാരപ്പെടുത്തിയി ട്ടുള്ള വ്യക്തിയുടെ തിരിച്ചറിയൽ രേഖ |
| (ഡി) | 'നോർക്ക റൂട്ട്സ്' സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ? | (ഡി) | നോർക്കാ-റൂട്ട്സ് ഉദ്യോഗസ്ഥൻ താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ, നിബന്ധനകൾക്ക് വിധേയമായി സാക്ഷ്യപ്പെടുത്തി നൽകുന്നു.<br><br>**1.** കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളും സംസ്ഥാന സാങ്കേതിക പരീക്ഷാ ബോർഡിനു വേണ്ടി ടെക്നിക്കൽ എക്സാമിനേഷൻസ് ജോയിന്റ് കൺട്രോളർ നൽകുന്ന സർട്ടിഫിക്കറ്റുകളും.<br><br>**2.**സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന കേന്ദ്ര / സംസ്ഥാന സർക്കാർ അംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന സർക്കാർ അംഗീകൃത കോഴ്സുകളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ. (സ്ഥാപനങ്ങളുടെ ആധികാരികത പരിശോധിച്ച ശേഷം)<br><br>**3.** കേരള പൊതു പരീക്ഷാ ബോർഡ് സെക്രട്ടറി നൽകുന്ന എസ്.എസ്.എൽ.സി, ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാൻഡ് ടിടിസി മുതലായ സർട്ടിഫിക്കറ്റുകൾ.<br><br>**4.** മെഡിക്കൽ പരീക്ഷാ ഡയറക്ടറേറ്റിനു വേണ്ടി പരീക്ഷാ ബോർഡ് ചെയർമാൻ നൽകുന്ന സർട്ടിഫിക്കറ്റുകൾ.<br><br>**5.** ദേശീയ പരീക്ഷാ ബോർഡ് (National Board of Examinations) നൽകുന്ന ഡി.എൻ.ബി സർട്ടിഫിക്കറ്റുകൾ (മെഡിക്കൽ കൗൺസിൽ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ചേർത്തിരിക്കുന്നവ മാത്രം)<br><br>6. National Institute of Open Schooling (NIOS) നൽകുന്ന സർട്ടിഫിക്കറ്റുകൾ (കേരളത്തിലെ ഏതെങ്കിലും NIOS മേഖലാ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും കേരളത്തിലെ ഏതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതിയിട്ടുള്ളവരും ആയിരിക്കണം)<br><br>7. Kerala Nurses and Midwives Council (KNMC) നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ അതായത് ജി.എൻ.എം, എ.എൻ.എം സർട്ടിഫിക്കറ്റുകൾ<br><br>8. എൻ.സി.വി.ടി / എസ്.സി.വി.ടി സർട്ടിഫിക്കറ്റുകൾ<br><br>9. കേരള സംസ്ഥാന സാക്ഷരതാ മിഷൻ 10-ാം സ്റ്റാൻഡേർഡിനു വേണ്ടി നൽകിയി ട്ടുള്ള തുല്യതാ സർട്ടിഫിക്കറ്റ്<br><br>10. എച്ച്.ഡി.സി / ജെ.ഡി.സി സർട്ടിഫിക്കറ്റുകൾ<br><br>11. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സർട്ടിഫിക്കറ്റുകൾ (ബന്ധപ്പെട്ട സ്കൂൾ കേരള സർക്കാരിന്റെ അധികാര പരിധിയിലായിരിക്കണം)<br><br>**വെരിഫിക്കേഷന് ശേഷം മാത്രം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ**<br><br>1. Medical Council Registration Certificate ൽ അധിക യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ലാത്ത MS, MD, Mch, DM (DGO, DLO, DA മുതലായവ) മെഡിക്കൽ ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ<br><br>2. MPhil / Ph.D Certificate<br><br>3. NIT, IGNOU, IISER മുതലായ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ (കേരളത്തിലെ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തത്) |

സെക്ഷൻ ഓഫീസർ